(ബി) കുറ്റ്യാട്ടൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആദ്യബാച്ചായി 30 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മൊത്തം 200 റോളം പഞ്ചായത്തുകളിൽ ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. 2011-ൽ തുടങ്ങി 2016-ൽ അവസാനിക്കുന്ന ഈ പദ്ധതിയിൽ കുടിവെള്ളം, ശുചിത്വം, ഭൂജല പരിപോഷണം എന്നിവയ്ക്കായുള്ള പദ്ധതികൾ, പട്ടികവർഗ്ഗ പഞ്ചായത്തുകൾക്കുവേണ്ടി പ്രത്യേകപദ്ധതികൾ, സ്ത്രീ ശാക്തീകരണം, പഞ്ചായത്ത് ശാക്തീകരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നു.

(ബി) കുറ്റ്യാട്ടൂർ പഞ്ചായത്ത് ആദ്യ ഘട്ടത്തിലെ 30 പഞ്ചായത്തുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

അച്ചൻ കോവിലാറിന്റെ തീരം സംരക്ഷിക്കാൻ നടപടി

98 (1826) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ തുമ്പമൺ മുതൽ ആലപ്പുഴ ജില്ലയിലെ തഴക്കരവരെയുള്ള അച്ചൻകോവിലാറിന്റെതീരം കല്ല്കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ എത്ര പ്രൊപ്പോസലുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പദ്ധതികളിലെ ടെണ്ടർ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും ഏറ്റെടുക്കുന്ന പദ്ധതികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ തുമ്പമൺ മുതൽ ആലപ്പുഴ ജില്ലയിലെ തഴക്കരവരെയുള്ള അച്ചൻ കോവിലാറിന്റെതീരം കല്ലുകെട്ടി സംരക്ഷിക്കുന്നതു മായി ബന്ധപ്പെട്ട പ്രെപ്പോസലുകളുടെ വിശദാംശങ്ങൾ.

പൂർത്തീകരിച്ച പണികൾ	- 6	എണ്ണം
നടന്നുകൊണ്ടിരിക്കുന്ന പണികൾ	- 4	"
ടെണ്ടർ ചെയ്ത പ്രവൃത്തികൾ	- 1	"
അംഗീകാരം ലഭിക്കാനുള്ള പ്രെപ്പോസലുകൾ	- 12	"

(ബി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമരാമത്ത്മാനുൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് വർക്കുകൾ ടെണ്ടർ ചെയ്യുന്നതും പൂർത്തീകരിക്കുന്നതും. നടപടി ക്രമത്തിലെ കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ചുള്ള നിബന്ധനകൾ കർശനമായി പാലിക്കുവാൻ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.

കോരപ്പുഴയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

99 (1827) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കോരപ്പുഴയുടെ കാര്യത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശം എന്താണ് ; ഇത് എത്രത്തോളം പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുഴയുടെ അഴിമുഖത്ത് ആഴം കൂട്ടുന്നതിനായി ഹാർബർ എൻജിനീയറിംഗ് വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻവേണ്ടി അഴിമുഖത്ത് പുലിമുട്ട് നിർമ്മിക്കുവാനുള്ള പദ്ധതി സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 280 ലക്ഷം രൂപയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഇതുപ്രകാരം ഇപ്പോൾ നിലവിലുള്ള അഴിമുഖത്തിന്റെ വടക്കുഭാഗത്ത് ഒരു പുലിമുട്ട് നിർമ്മാണമാണ് നിർദ്ദേശിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും 182 ലക്ഷത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും അതോടൊപ്പം പ്രാരംഭ പ്രവൃത്തിയായ സ്ഥാന നിർണ്ണയവും ചെയ്തിരുന്നു. എന്നാൽ തദ്ദേശവാസികളുടേയും മത്സ്യത്തൊഴിലാളികളുടെയും എതിർപ്പുമൂലം ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ രണ്ട് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ചെന്നൈ ഐഐടി കൺസൾട്ടന്റുമാർ കോരപ്പുഴ സന്ദർശിച്ചതിന്റെയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പദ്ധതിയുടെയും അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് ചെന്നൈ ഐ.ഐ.ടി. സർക്കാരിന് സമർപ്പിച്ചിരുന്നു. ഇത് നടപ്പിലാക്കണമെന്ന് കോരപ്പുഴ സംരക്ഷണ സമിതി ബഹുമാനപ്പെട്ട പെറ്റീഷൻ ഫയൽ ചെയ്യുകയും ഇത് നടപ്പിലാക്കാൻ ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ മത്സ്യത്തൊഴിലാളികൾ ഈ പദ്ധതി ചെയ്യുവാൻ അനുവദിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യങ്ങൾ വിശദീകരിച്ച് ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(സി) പുഴയുടെ അഴിമുഖത്ത് ഗ്രോയിൻ നിർമ്മിക്കുന്നതിനുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബാത്ത്മെട്രി പഠനം നടത്തി വിശദാംശങ്ങൾ തയ്യാറാക്കി ഇറിഗേഷനും ഭരണവും ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly